TB Movie Panel Review

**#MoviePanel**

IFFK Special Top : 5 Reviews

1. Stiekyt (Stand Out)

Director: Etinenne Fourie
Language :Afrikaans
Country : South Africa
Genre : Thriller
എഴുതിയത് : Syam Sankar

ജെയിംസ് ഒരു അറിയപ്പെടാത്ത, എന്നാൽ വലിയൊരു കഥാപാത്രം ചെയ്യാൻ അവസരം ലഭിക്കും എന്ന പ്രതീക്ഷയിൽ ജീവിക്കുന്ന ഒരു ചെറിയ നടനാണ്. ജീവിത പ്രാരാബ്ധങ്ങളുടെ ലളിത ഗണിതശാസ്ത്രം അയാളെ ശമ്പളം ലഭിക്കുന്ന ഒരു ജോലി ചെയ്യുവാൻ നിർബന്ധിതനാക്കുന്നു. അങ്ങനെയാണ് ജെയിംസ് ഭാര്യയും മക്കളും അറിയാതെ, നഗരത്തിലുള്ള ഒരു ഡാൻസ് ബാറിലെ ഡ്രാഗ് ക്വീൻ (മാദകസ്ത്രീവേഷത്തിൽ നൃത്തം ചെയ്യുന്ന പുരുഷൻ) എന്ന ജോലിയിൽ പ്രവേശിക്കുന്നത്. ഒരു ദിവസം ഭാര്യ ഇത് കണ്ടുപിടിക്കുന്നു. വിവാഹ മോചനം വേണമെന്ന് വാശി പിടിച്ച് വഴക്കുണ്ടാക്കുന്ന ഭാര്യയോട് ആ ബന്ധം നഷ്ടപ്പെട്ടു പോകാതിരിക്കാൻ വേണ്ടി കെഞ്ചിയും ദേഷ്യപ്പെട്ടും കരഞ്ഞുമൊക്കെ വാദിക്കുന്ന അയാളുടെ ഉള്ളിൽ പക്ഷെ അതിനേക്കാൾ പതിന്മടങ്ങ് സങ്കീർണ്ണമായ ഒരു കാര്യം കിടന്ന് കത്തുന്നുണ്ട്. ഉയർച്ച തേടിയുള്ള അത്യാഗ്രഹം ഒരു മനുഷ്യനെക്കൊണ്ട് എന്തെല്ലാം ചെയ്യിക്കും? എറ്റിയേൻ ഫൗരിയുടെ (Etinenne Fouri) സ്റ്റീക്കൈറ്റ് (Stiekyt) അല്ലെങ്കിൽ Stand Out എന്ന ആഫ്രിക്കാൻസ് ഭാഷയിലുള്ള സിനിമ പറയുന്നത് അങ്ങനെയൊരു സാധ്യതയെക്കുറിച്ചാണ്. പ്രേക്ഷകനെ ഞെട്ടിപ്പിക്കുന്ന ഒരു സാധ്യത.

പോൾ ദുത്വാ (Paul du Toit) എന്ന ദക്ഷിണാഫ്രിക്കൻ നടന്റെ അനുപമമായ അഭിനയമികവാണ് ഈ സിനിമയുടെ നട്ടെല്ല്. Nonlinear narration വളരെ seamless ആയി എങ്ങനെ ചെയ്യാമെന്നതിന്റെ, അത്തരം എഡിറ്റിംഗിന്റെ ഒരു കോപ്പിബുക്ക് ഉദാഹരണമായി എടുക്കാം യോഹാൻ പ്രിൻസ്ലൂ (Johan Prinsloo) എഡിറ്റിംഗ് നിർവഹിച്ച Stiekyt എന്ന ഈ സിനിമയെ. 2022-ൽ ഇറങ്ങിയ മികച്ച ലോക സിനിമകളിൽ ഒന്നായ Stiekyt ഇപ്പോൾ MUBI ആപ്പിൽ ലഭ്യമാണ്.